(എച്ച്) ഇതിൽ ഏതെങ്കിലും കമ്പനി എന്തെങ്കിലും നിക്ഷേപം ഈ കാലയളവിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിക്ക് എത്ര സംഖ്യ വീതമാണെന്ന് വ്യക്തമാക്കുമോ;

(ഐ) നിക്ഷേപം നടത്തിയിട്ടില്ലെങ്കിൽ നിക്ഷേപം നടത്താനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 പ്രാവശ്യം

(ബി) അമേരിക്ക, ജർമനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ. കാനഡ, ഫ്രാൻസ്, ഇറ്റലി, ഖത്തർ(ദോഹ), ഒമാൻ(മസ്കറ്റ്), അബുദാബി, ദുബൈ, കുവൈറ്റ്, എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

(സി) ഉണ്ടായിരുന്നു.

(ഡി)&(ഇ) ചർച്ചകൾ വിവിധ ഘട്ടങ്ങളിലാണ്.

(എഫ്) ഇല്ല.

(ജി)-(ഐ) ഉദിക്കുന്നില്ല.

18 (18) മുഖ്യമന്ത്രിയുടെ ഗൾഫ് പര്യടനം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രി ഇക്കഴിഞ്ഞ ഗൾഫ് പര്യടനത്തിൽ ഏതൊക്കെ യോഗങ്ങളിലും സ്വീകരണങ്ങളിലും സൽക്കാരങ്ങളിലുമാണ് പങ്കെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; ഇതിൽ ഔദ്യോഗിക പരിപാടികൾ ഏതെല്ലാം;

(ബി) ഇതിൽ ഏതിലൊക്കെ പങ്കെടുത്തിട്ടുണ്ട്;

(സി) ഗൾഫ് പര്യടനത്തിനായി സർക്കാരിന് എന്തു തുക ചെലവായി എന്നും പര്യടനത്തിൽ സർക്കാർ തലത്തിൽ ആരൊക്കെ പങ്കെടുത്തു എന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരഫെഡിന്റെ ബിസിനസ് പങ്കാളിയായ "മൊണ്ടാന ഫുഡ് സ്റ്റഫ് ട്രേഡിംഗ്" എന്ന സ്ഥാപനത്തിനുവേണ്ടി "കേരാഗോൾഡ് കോക്കനട്ട് ഓയിൽ" ഔദ്യോഗികമായി പുറത്തിറക്കുന്ന അബുദാബിയിൽ സംഘടിപ്പിച്ച ചടങ്ങ് 28.4.1999-ൽ ഒമാനിലെ കൈരളി ആർട്സ് ക്ലബ് സംഘടിപ്പിച്ച സ്വീകരണച്ചടങ്ങ്, ഒമാനിലെ ഇന്ത്യൻ സ്കൂൾ സന്ദർശനം, നോൺറസിഡന്റ് ഇന്ത്യാക്കാരുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പ്രവാസി ഇൻഷുറൻസ് പദ്ധതികളെ സംബന്ധിച്ച് അബുദാബിയിൽ ചർച്ചായോഗം. കുവൈറ്റിലെ കേരളീയരുടെ സഹകരണത്തോടുകൂടി ഇന്ത്യൻ എംബസി സംഘടിപ്പിച്ച നോൺറസിഡന്റ് ഇന്ത്യാക്കാരുടെ ബിസിനസ് സെമിനാർ, കുവൈറ്റിലെ 'കല' എന്ന സംഘടന സംഘടിപ്പിച്ച 'യംഗ്മെൻസ് മേള'യുടെ ഉദ്ഘാടനം.

LIBRARY ARCHIVES Kerala Legislative Assembly

ഇവയെല്ലാം ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരത്തോടെയുള്ള ഔദ്യോഗിക പരിപാടികളായിരുന്നു.

(സി) കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അംഗീകരിച്ചിട്ടുള്ള നിരക്കനുസരിച്ച് ടി.എ./ഡി.എ. ഇനത്തിലുള്ള തുക ചെലവായിട്ടുണ്ട്. അവസാന കണക്ക് ഇന്ത്യൻ എംബസിയിൽ നിന്നു ലഭിച്ചിട്ടില്ല.

മുഖ്യമന്ത്രിയെക്കൂടാതെ പ്രസ്തുത രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതിമാർ, എംബസി ഉദ്യോഗസ്ഥർ, നോർക്ക സെക്രട്ടറി ശ്രീ. അമിതാഭ് കാന്ത്, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. ഇ.എൻ. മുരളീധരൻ നായർ എന്നിവർ പങ്കെടുത്തു.

"കേര ഗോൾഡ് വിപണിയിൽ ഇറക്കിയ അബുദാബിയിലെ ചടങ്ങിൽ 'കേര ഫെഡ്' ചെയർമാൻ, വൈസ് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരും പങ്കെടുക്കുകയുണ്ടായി.

19 (19) മൊബൈൽഫോൺ, പേജർ എന്നിവ ലഭിച്ചിട്ടുള്ളവർ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരിൽ എത്രപേർക്ക് മൊബൈൽ ഫോൺ, പേജർ എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടറിമാർ, വകുപ്പുമേധാവികൾ പൊതുമേഖലാസ്ഥാപന മേധാവികൾ എന്നിവർക്ക് ആർക്കെങ്കിലും ഇവ അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ ഒരു പ്രതി ലഭ്യമാക്കുമോ?

ഉത്തരം

(എ) ആർക്കും അനുവദിച്ചിട്ടില്ല.

(ബി)-(സി) വിവരം ശേഖരിച്ചു വരുന്നു.

20 (20) മന്ത്രിമാരുടെ സ്വത്തുവിവര കണക്കുകൾ

ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും വർഷംതോറും അവരുടെ സ്വത്ത് വിവരം വെളിപ്പെടുത്താറുണ്ടോ;

(ബി) സ്വത്ത് വിവരം നൽകുന്നതിന് ആരെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ;

(സി) സ്വത്ത് വിവരം കൃത്യമായി നൽകുന്നതിനും ഇതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly